# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3818 23/08/2017-ൽ മറുപടിക്ക്

## സംസ്ഥാനത്തിനുള്ള കേന്ദ്ര വൈദ്യുതി വിഹിതം

| | ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ഡോ.എം. കെ. മുനീർ<br>ശ്രീ.കെ.എം.ഷാജി<br>,, പി.ബി. അബ്ദുൽ റസ്സാക്ക് | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുമ്പോൾ കായംകുളം താപനിലയം അടഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; കായംകുളം നിലയത്തിന്റെ ഉൽപ്പാദനശേഷി എത്ര മെഗാവാട്ടാണ് എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിന് പുറത്തു നിന്ന് വില കുറഞ്ഞ വൈദ്യുതി ലഭ്യമാകുന്നതു കൊണ്ട് സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുന്നില്ല. കായംകുളം താപനിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ വില 7 രൂപയിൽ കൂടുതലായതു കൊണ്ട് ഇപ്പോൾ അവിടെ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നില്ല. എന്നാൽ വളരെ അടിയന്തിര സാഹചര്യത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കാറുണ്ട്. കായംകുളം താപനിലയത്തിന്റെ ഉല്പാദനശേഷി 359.58 മെഗാവാട്ട് ആണ്. |
| (ബി) | ഇപ്പോൾ സംസ്ഥാനത്തിനുള്ള കേന്ദ്ര വൈദ്യുതി വിഹിതത്തിൽ എത്ര മെഗാവാട്ടിന്റെ കുറവുണ്ട്; | (ബി) | ആഗസ്റ്റ് മാസം 16-ാം തീയതിയിലെ കണക്കനുസരിച്ച് കേന്ദ്രവിഹിതത്തിൽ ഇപ്പോൾ ഏകദേശം 589 മെഗാവാട്ടിന്റെ കുറവ് ഉണ്ട്. |
| (സി) | കായംകുളം താപനിലയത്തിൽ നിന്ന് വൈദ്യുതി വാങ്ങുന്നത് ഏത് സാഹചര്യത്തിലാണ് കെ.എസ്.ഇ.ബി. നിർത്തലാക്കിയതെന്ന് വെളിപ്പെടുത്തുമോ; | (സി) | കായംകുളം താപനിലയത്തിൽ ഉപയോഗിക്കുന്ന നാഫ്ത എന്ന ഇന്ധനത്തിന്റെ വില വളരെ കൂടി വന്ന സാഹചര്യത്തിൽ ടി നിലയത്തിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടേയും വില കൂടുതലാവുകയും സംസ്ഥാനത്തിന് പുറത്തുനിന്ന് കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭ്യമാകുകയും ചെയ്ത സാഹചര്യത്തിൽ ആണ് ടി നിലയത്തിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം നിർത്തലാക്കിയത്. |
| (ഡി) | നാഫ്തയാണോ കായംകുളത്ത് ഇന്ധനമായി ഉപയോഗിക്കുന്നത്; സമീപകാലത്തെ ഏറ്റവും കുറഞ്ഞ വിലയ്ക്കാണ് ഇപ്പോൾ നാഫ്ത | (ഡി) | നാഫ്തയാണ് കായംകുളം താപനിലയത്തിൽ ഉപയോഗിക്കുന്ന ഇന്ധനം. 01.07.2017-ലെ കണക്കനുസരിച്ച് നാഫ്തയുടെ വില ഒരു മെട്രിക് ടണ്ണിന് |

(...2)

| | | | |
|---|---|---|---|
| | ലഭിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | | 32833.36 രൂപയാണ്. നാഫ്തയുടെ വില 01.07.2017-ലെ കണക്കനുസരിച്ച് മെട്രിക് ടണ്ണിന് 32833.36 രൂപയും അതുപയോഗിച്ച് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില യൂണിറ്റിന് 5.96 രൂപയാണെങ്കിലും ഇപ്പോൾ വൈദ്യുതി ഉല്പാദിപ്പിക്കുന്നത് മുമ്പ് വാങ്ങിച്ച് സൂക്ഷിച്ചിരിക്കുന്ന വില കൂടിയ നാഫ്ത ഉപയോഗിച്ചാണ്. ആയതുകൊണ്ട് ഇവിടെ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില ഇപ്പോഴും കൂടുതലാണ്. അതായത് യൂണിറ്റിന് 7.27 രൂപ. |
| (ഇ) | ഈ സാഹചര്യത്തിൽ കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിക്ക് വില കുറയില്ലേ; എങ്കിൽ കായംകുളം നിലയത്തിൽ നിന്ന് വൈദ്യുതി വാങ്ങുന്ന കാര്യം വൈദ്യുതി ബോർഡ് പുനഃപരിശോധിക്കുമോ? | (ഇ) | ഇപ്പോഴത്തെ നാഫ്തയുടെ വില പരിഗണിച്ചാലും സംസ്ഥാനത്തിന് പുറത്തു നിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ വിലയെക്കാൾ കൂടുതലാണ് കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ വില. ആയതുകൊണ്ട് ടി നിലയത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാര്യം പുനപരിശോധിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. അടിയന്തിര സാഹചര്യങ്ങളിൽ മാത്രം ഇവിടെ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കും. |

സെക്ഷൻ ഓഫീസർ